## ബഡ്സ് സ്ഥാപനങ്ങളിലെ നൈപുണ്യ പരിശീലനം തിരുവനന്തപുരത്ത്

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ നിരന്തര സഹായവും പരിചരണവും ആവശ്യമുള്ളവരാണ്. ഇങ്ങനെയുള്ള കുട്ടികളുള്ള കുടുംബങ്ങൾ ഏറെ വൈഷമ്യങ്ങൾ ആനുഭവിക്കുന്നു. പ്രത്യേകിച്ച് ആ കുട്ടികളുടെ അമ്മമാർ. ഇങ്ങനെയൊരു അവസ്ഥ തിരിച്ചറിഞ്ഞതാണ് സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. 2004ൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ പഞ്ചായത്തിലാണ് കുടുംബശ്രീ ആദ്യ ബഡ്സ് സ്കൂൾ ആരംഭിക്കുന്നത്. പിന്നീട് ഈ പദ്ധതി 1995ലെ ദേശീയ വികലാംഗജന നിയമത്തിന്റെ (PWD Act) കീഴിൽ വന്നു. ഇതോടെ സംസ്ഥാനത്തെ മറ്റ് പഞ്ചായത്തു കളിലും കുടുംബശ്രീ ക്രമേണ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുകയായിരുന്നു.

ബഡ്സ് സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തുന്നതും അടിസ്ഥാന സൗകര്യങ്ങ ളൊരുക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടീച്ചർമാരുടെ പരിസീലനം, മാർഗ്ഗനിർദ്ദേശം നൽകൽ തുടങ്ങിയ ചുമതലകളാണ് കുടുംബശ്രീയ്ക്കുള്ളത്. പഞ്ചായ ത്ത് പ്രസിഡന്റ് ചെയർമാനായുള്ള ഭരണ സമിതിയാണ് ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ബഡ്സ് സ്ഥാപനങ്ങൾ ആവശ്യമുള്ള പഞ്ചായത്തു കൾക്ക് ആ ആവശ്യം ഉന്നയിച്ച് കുടുംബശ്രീ ജില്ലാ മിഷനെ സമീപിക്കാം.

18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ബഡ്സ് സ്കൂളുകളിലാണ് വിദ്യാഭ്യാസവും മറ്റ് അടിസ്ഥാന പരിശീലനങ്ങളും നൽകുന്നത്. 18ന് മുകളിൽ പ്രായമുള്ള കുട്ടികൾക്കാ യാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ (ബിആർസികൾ). മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രത്യേകം തയാറാക്കിയ പാഠ്യ പദ്ധതിയും ക്രമവും അനുസരിച്ചാണ് ക്ലാസ്സുകൾ നൽകുന്നത്. കുട്ടികളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്ന പാഠ്യപദ്ധതിയാണിത്.

സാമൂഹിക, വൈകാരിക വികസനം, വ്യക്തിത്വ വികസനം, പ്രാഥമിക ദിനചര്യാ പരിശീലനം, കായിക സാംസ്ക്കാരിക വികസനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളുൾപ്പെടുന്നതാണ് ഈ പാഠ്യപദ്ധതി. അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിന് പുറമേ സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി തുടങ്ങിയ പ്രത്യേക സഹായങ്ങളും കുട്ടികൾക്ക് നൽകുന്നു. ഇത് കൂടാതെ കരകൗശല നിർമ്മാണം  പോലുള്ള കാര്യങ്ങളിലും പരിശീലനമേകുന്നു. സ്വയം തൊഴിൽ സ്വായത്തമാക്കി ജീവിത മാർഗ്ഗം കണ്ടെത്താനുള്ള പരിശീലനമാണ് ബിആർസികളിൽ അടിസ്ഥാന വിദ്യാഭ്യാസത്തിന് പുറമേ പരിശീലാർത്ഥികൾക്ക് നൽകുന്നത്. മെഴുകുതിരി നിർമ്മാണം, തയ്യൽ, എൽഇഡി ബൾബ് നിർമ്മാണം തുടങ്ങിയ നിരവധി കൈത്തൊഴിലുകളിൽ കുട്ടികൾക്ക് ബിആർസികളിൽ പരിശീലനം നൽകുന്നു.

64 ബഡ്സ് സ്കൂളുകളും 87 ബിആർസികളുമാണ് ഇന്ന് കുടുംബശ്രീയുടേതായുള്ളത്. ഇതിലാകെ 5000ത്തോളം കുട്ടികൾ പഠിക്കുന്നു. ഇത് കൂടാതെ 200 ബഡ്സ് സ്ഥാപനങ്ങൾ കൂടി ആരംഭിക്കാൻ സർക്കാർ കുടുംബശ്രീയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

## തിരുവനന്തപുരത്തെ നൈപുണ്യ പരിശീലനം

28 ബഡ്സ്-ബിആർസി സ്ഥാപനങ്ങളാണ് തിരുവനന്തപുരം ജില്ലയിലുള്ളത്. ഏഴുന്നോറോളം കുട്ടികൾ ഈ സ്ഥാപനങ്ങളിലായി പഠിക്കുന്നു.

## ആശയ രൂപീകരണം

നിത്യേനയുള്ള പാഠങ്ങളും പഠനങ്ങളും പരിശീലനങ്ങളും മാത്രമല്ല 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് അവരവരുടെ കുടുംബങ്ങളുടെ നിത്യേനയുള്ള ചെലവുകൾക്ക് തങ്ങളുടേതായ ഒരു സംഭാവന നൽകാൻ കഴിയുക, ബിആർസി കുട്ടികൾക്ക് ചെറുതെങ്കിലും ഒരു വരുമാനം മാർഗ്ഗം കണ്ടെത്തി നൽകുക തുടങ്ങിയ ആശയങ്ങൾ അടിസ്ഥാനമാക്കിയാണ് തിരുവനന്തപുരം ജില്ലാ മിഷൻ ബഡ്സ് സ്ഥാപനങ്ങളിൽ നൈപുണ്യ പരിശീലനം നടത്തുന്നതിനെക്കുറിച്ച് തീരുമാനം കൈക്കൊണ്ടത്. 2017 ഡിസംബറിലായിരുന്നു ഇങ്ങനെയൊരു ആശയം ജില്ലാ മിഷൻ രൂപീകരിച്ചത്.

## പ്രാരംഭ പ്രവർത്തനങ്ങൾ

ഇങ്ങനെയൊരു ആശയം രൂപീകരിച്ച ഉടൻ തന്നെ 2018 ജനുവരി മൂന്നിന് ബിആർസി ടീച്ചർമാരുടെ യോഗം വിളിച്ചുകൂട്ടി. അവരോട് ഈ ആശയം പങ്കുവച്ചു. അവരുടെ കൂടി അഭിപ്രായങ്ങൾ കേട്ടതിന് ശേഷം നൈപുണ്യ പരിശീലനം നൽകുകയെന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടു. അതേസമയം കുട്ടികൾക്ക് മാത്രം നൈപുണ്യ പരിശീലനം നൽകിയാൽ അത് തുടർന്ന് കൊണ്ടുപോകുന്നതിനും അതൊരു വരുമാനമാർഗ്ഗമാക്കുന്നതിനും നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വരുമെന്ന ചിന്തയിൽ നിന്നാണ് ഈ പരിശീലനം കുട്ടികളുടെ മാതാപിതാക്കൾക്ക് നൽകിയാലോ എന്ന ആശയം ഉരുത്തിരിഞ്ഞുവന്നത്. അങ്ങനെ പരിശീലനം പൂർത്തിയാക്കുന്ന മാതാപിതാക്കളെ ഉൾപ്പെടുത്തി സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിക്കാനും തീരുമാനം കൈക്കൊണ്ടു. ഇതേക്കുറിച്ച് സംസ്ഥാന മിഷനുമായി ആലോചിച്ചു. സൂക്ഷമ സംരംഭ യൂണിറ്റുകൾ ആരംഭിച്ചാൽ അത്

നൈപുണ്യ പരിശീലനത്തെക്കുറിച്ച് താഴേത്തട്ടിൽ വിവരമെത്തിക്കുന്നതിനായി ടീച്ചർമാർ ഉൾപ്പെടുന്ന ആറംഗ കമ്മിറ്റിയും രൂപീകരിച്ചു. പരിശീലനം നൽകുന്നതിനായി അമൃതാസ് വുമൺ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന എംപാനൽ ചെയ്തിട്ടുള്ള ട്രെയിനിങ് ഏജൻസിയെയും നിശ്ചയിച്ചു.

ട്രെയിനിങ് ഏജൻസിയുമായി ചർച്ചകൾ നടത്തിയ ശേഷം ഏതൊക്കെ മേഖലകളിൽ പരിശീലനം നൽകണമെന്ന തീരുമാനം കൈക്കൊണ്ടു. ജനുവരി 25 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ പട്ടത്ത് ജോസഫ് മുണ്ടശ്ശേരി ഹാളിൽ വച്ച് ജില്ലയിലെ ബഡ്സ് സ്കൂൾ ടീച്ചർമാർക്ക് പേപ്പർ ബാഗ് നിർമ്മാണത്തിൽ നൈപുണ്യ പരിശീലനം നൽകി.

## പ്രവർത്തനങ്ങൾ

ബഡ്സ് സ്ഥാപനങ്ങളിലെ ടീച്ചർമാരും പ്രത്യേകം രൂപീകരിച്ച കമ്മിറ്റിയും വഴി നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള മാതാപിതാക്കളുടെ പട്ടിക രൂപീകരിക്കുന്നതായിരുന്നു ആദ്യ ഘട്ടം. ഒരു സ്ഥാപനത്തിന് കീഴിൽ പത്ത് മുതൽ 20 വരെ മാതാപിതാക്കൾ താത്പര്യത്തോടെ മുന്നോട്ടു വന്നു. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ പഞ്ചായത്തിന് കീഴിൽ നൈപുണ്യ പരിശീലന പരിപാടി ആരംഭിക്കാൻ തീരുമാനിച്ചു. 21 മാതാപിതാക്കൾ പരിശീലനം നേടാൻ

മുന്നോട്ടു വന്നു. അങ്ങനെ 2018 ഫെബ്രുവരി 19ന് വെങ്ങാനൂർ പഞ്ചായത്തിന് കീഴിലുള്ള ബഡ്സ് സ്ഥാപനത്തിൽ ജില്ലയിൽ ആദ്യത്തെ നൈപുണ്യ പരിശീലനം ആരംഭിച്ചു.

ക്രമേണ ജില്ലയിലെ എല്ലാ ബഡ്സ് സ്ഥാപനങ്ങളിലും പരിശീലനം നൽകി തുടങ്ങി. വെങ്ങാനൂർ അടക്കമുള്ള എല്ലാ ബഡ്സ് സ്ഥാപനങ്ങളിലും ആകെ നാല് വീതം മേഖലയിലാണ് പരിശീലനം നൽകാൻ തീരുമാനിച്ചത്. പേപ്പർ ബാഗ് നിർമ്മാണം, ആഭരണ നിർമ്മാണം, ത്രെഡ് ബാഗ് നിർമ്മാണം, സാരി സ്റ്റോൺ ഫിക്സിങ് എന്നിങ്ങനെ നാല് മേഖലകളിലാണ് ഇപ്പോൾ പരിശീലനം നൽകുന്നത്. ഇതിൽ ത്രെഡ് ബാഗ് നിർമ്മാണ പരിശീലനം ആറ് ദിവസമാണ് നൽകുന്നത്. ശേഷിച്ച മൂന്ന് മേഖലകളിലും മൂന്ന് ദിവസത്തെ പരിശീലനവും. ഇതുവരെ ജില്ലയിൽ എല്ലാ ബഡ്സ് സ്ഥാപനങ്ങളിലുമായി രണ്ട് മേഖലകളിൽ നൈപുണ്യ പരിശീലനം നൽകി കഴിഞ്ഞു.

പരിശീലന ഏജൻസിയിൽ നിന്ന് 16 പേരാണ് ജില്ലയിലെ വിവിധ ബഡ്സ് - ബിആർസി സ്ഥാപനങ്ങളിലായി പരിശീലനം നൽകുന്നത്. ആഴ്ച തോറും ഇവർ സ്ഥാപനങ്ങളിലെത്തി ക്ലാസ്സുകൾ നൽകുന്നു.

## നിലവിലെ പ്രവർത്തനം

ഇപ്പോൾ ബഡ്സ് സ്ഥാപനങ്ങളിലായി 240 പേർക്കാണ് നൈപുണ്യ പരിശീലനം നൽകുന്നത്. പരിശീലനത്തിന് ആവശ്യമുള്ള സാമഗ്രികളെല്ലാം ഏജൻസി തന്നെയാണ് കൊണ്ടുവരുന്നത്.

## ഭാവി

- നൈപുണ്യ പരിശീലനം ലഭിച്ച മാതാപിതാക്കളെ ചേർത്ത് സൂക്ഷ്മ സംരംഭക യൂണിറ്റുകൾ ആരംഭിക്കും.
- ഇവരുണ്ടാക്കുന്ന ഉത്പന്നങ്ങൾ ജില്ലയിൽ ടെക്നോപാർക്ക് സ്ഥിതി ചെയ്യുന്ന കഴക്കൂട്ടം പോലുള്ള 12 പ്രദേശങ്ങളിൽ വിപണനത്തിന് വയ്ക്കും.

- ഒരു മാസം ഒരിടത്ത് എന്ന നിലയിൽ ഒരു വർഷം കൊണ്ടാകും ഈ 12 സ്ഥലങ്ങളിൽ പ്രദർശന-വിൽപ്പന മേള സംഘടിപ്പിക്കുക.
- ഓരോ സിഡിഎസുകളുടെയും സഹായത്തോടെ ബഡ്സ് സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സ്ഥിരം വിൽപ്പന കേന്ദ്ര ങ്ങൾ ആരംഭിക്കും
- ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഈ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെ ത്താൻ ശ്രമിക്കും.